# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. **2857**

18/06/2018-ൽ
മറുപടിയ്ക്ക്

## ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം

**ചോദ്യം** | **മറുപടി**

ശ്രീ.എൻ.എ.നെല്ലിക്കുന്ന് :

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ സർക്കാർ/എയ്ഡഡ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ എത്ര ഗസ്റ്റ് അദ്ധ്യാപകരുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | സർക്കാർ കോളേജുകളിൽ 373 ഗസ്റ്റ് അദ്ധ്യാപകരും എയ്ഡഡ് കോളേജുകളിൽ 2255 ഗസ്റ്റ് അദ്ധ്യാപകരും ഉണ്ട്. |
| (ബി) | കാസർകോഡ് ഗവണ്മെന്റ് കോളേജിൽ എത്ര അദ്ധ്യാപകരുണ്ടെന്നും ഇവരിൽ എത്രപേർ ഗസ്റ്റ് അദ്ധ്യാപകരാണെന്നും വ്യക്തമാക്കാമോ; | (ബി) | കാസർകോഡ് ഗവണ്മെന്റ് കോളേജിൽ പ്രിൻസിപ്പാൾ ഉൾപ്പെടെ 68 സ്ഥിരാദ്ധ്യാപകരും 15 അതിഥി അദ്ധാപകരും ജോലി ചെയ്യുന്നു. |
| (സി) | ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ വിവിധ പഠന വകുപ്പുകളിൽ ആഴ്ചയിൽ എത്ര മണിക്കൂർ വരുന്ന ഒഴിവുകളിലാണ് ഗസ്റ്റ് അദ്ധ്യാപകർ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ആഴ്ചയിൽ 5 മണിക്കൂറിനു മുകളിൽ പരമാവധി 16 മണിക്കൂർ വരെയാണ് ജോലി ഭാരം. |
| (ഡി) | താരതമ്യേന കുറഞ്ഞ സമയം ജോലി ചെയ്യുന്ന സ്ഥിരം അദ്ധ്യാപകർക്കും വളരെ കൂടുതൽ സമയം ജോലി ചെയ്യുന്ന ഗസ്റ്റ് അദ്ധ്യാപകർക്കും ഒരേ വേതനമാണ് ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഒരേ വേതനമല്ല ലഭിക്കുന്നത്. |
| (ഇ) | നെറ്റ്/പി.എച്ച്.ഡി യോഗ്യതനേടിയിട്ടുള്ള സർക്കാർ/എയ്ഡഡ് ആർട്സ് | (ഇ) & (എഫ്) | 04.07.2018 – ലെ ജി.ഒ(ആർ.ടി) നമ്പർ 1293/2018/ഉ.വി.വ ഉത്തരവ് പ്രകാരം യു.ജി.സി യോഗ്യത നേടിയ അതിഥി അദ്ധ്യാപകർക്ക് |

| | | | |
|---|---|---|---|
| | ആന്റ് സയൻസ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം ഹയർ സെക്കന്ററി മേഖലയിൽ ജോലി ചെയ്യുന്നവരേക്കാൾ കുറവാണ് എന്നത് ശരിയാണോ; | | ദിവസം 1750/- രൂപ നിരക്കിൽ പരമാവധി 43,750/- രൂപയും യു.ജി.സി യോഗ്യത ഇല്ലാത്തവർക്ക് ദിവസം 1600/- രൂപ നിരക്കിൽ പരമാവധി 40,000/- രൂപയും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |
| (എഫ്) | സമാന തസ്തികകളിൽ ജോലി ചെയ്യുന്ന എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്ക് 42000/- രൂപ മാസവേതനം ലഭിക്കുമ്പോൾ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് അതിന്റെ പകുതിയോളം മാത്രമാണ് വേതനം ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അസന്തുലിതാവസ്ഥ പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**